(ബി) ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാരെ അവരുടെ യോഗ്യതയും സേവനകാലയളവും പരിഗണിച്ച് അദ്ധ്യാപകരായോ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായോ നിലനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അപ്ഗ്രേഡ് ചെയ്യപ്പെട്ടതും സർവ്വ ശിക്ഷാ അഭിയാൻ തെരഞ്ഞെടുത്തതുമായ വിദ്യാലയങ്ങളിൽ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാലാണ് വിദ്യാലയങ്ങൾ തുടങ്ങാൻ താമസം നേരിടുന്നത്.

(ബി) പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക

73 (1109) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക എത്ര ;

(ബി) പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ ; എത്ര തുക കിട്ടി ; എനി എത്ര തുക ലഭിക്കാനുണ്ട് ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ ഇനങ്ങളിലായി 1841.45 കോടി രൂപ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന പദ്ധതി, കേന്ദ്രാവിഷ്കൃതം എന്നീ ഇനങ്ങളിലായി പൊതുവിദ്യാഭ്യാസത്തിന് 1070.92 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിന് 770.53 കോടി രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് വകയിരുത്തിയിട്ടുള്ള തുകയിൽ 49.25 കോടി രൂപ പ്രസ്തുത വകപ്പിന്റേതല്ലാത്ത വിവിധ പദ്ധതികൾക്കാണ് അനുവദിച്ചിരിക്കുന്നത്.

(സി) പൊതുവിദ്യാഭ്യാസത്തിൽ 597.50 കോടി രൂപയും ഉന്നത വിദ്യാഭ്യാസത്തിൽ 248.21 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസത്തിന് 785.63 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. 284.53 കോടി രൂപ (സംസ്ഥാന പദ്ധതി-കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ) ഇനിയും ലഭിക്കാനുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് പ്രവൃത്തികൾ

74 (1110) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സർവ്വ ശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി ; എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ;

(ബി) 2006-2011 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ എസ്.എസ്.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly